# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പാണക്കാട് മുഹമ്മദ് സയ്യിദ് അലി പൂക്കോയ തങ്ങൾ മെമ്മോറിയൽ യു. പി സ്കൂൾ

## (പി. എം. എസ്. എ. പി. ടി. എം യു. പി സ്കൂൾ)

## കൂവള്ളൂർ

# ഉള്ളടക്കം

1. ആമുഖം

2. പൊതു ലക്ഷ്യങ്ങൾ

3. നിലവിലെ അവസ്ഥാവിശകലനം

4. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

5. പദ്ധതി വിശദാംശങ്ങൾ

(അക്കാദമികം, ഭൗതികം, സാമൂഹികം)

6. ഉപസംഹാരം

# ആമുഖം

1979 ൽ പാണക്കാട് മുഹമ്മദ് സയ്യിദ് അലി പൂക്കോയ തങ്ങളുടെ നാമധേയത്തിൽ ആരംഭിച്ച ഒരു അർദ്ധസർക്കാർ വിദ്യാലയമാണിത്. പല്ലാരിമംഗലം ഗ്രാമപഞ്ചായ ത്തിലെ കൂവള്ളൂർ ഗ്രാമത്തിൽ പരീക്കണ്ണിപ്പുഴയുടെ തീരത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വിദ്യാഭ്യാസത്തിൻെറ പുതിയ രീതികളോട് കുട്ടികളെ ഇണ ക്കിച്ചേർക്കാനും, പാഠ്യപാഠ്യേതര രംഗങ്ങളിൽ മികച്ച വിജയം കൈവരിക്കാനും അധ്യാപക– രക്ഷാകർതൃ കൂട്ടായ്മയിലൂടെ സാധ്യമാകുന്നു. തുടർച്ചയായ മൂന്നു വർഷവും (75ന് മുകളിൽ) മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണ ത്തിലേക്കുയരുവാൻ ഈ വിദ്യാലയത്തിനുസാധിച്ചത് അഭിമാനാർഹമാണ്. ഈ സ്കൂളിൽ അഞ്ചുമുതൽ ഏഴുവരെ ക്ലാസുകളിൽ 76 കുട്ടികളും അഞ്ച് അധ്യാപ കരും ഒരു അനധ്യാപകനും നിലവിൽ ഉണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിൻെറ പേര്: | പി. എം. എസ്. എ. പി. ടി. എം യു. പി. എസ് കൂവള്ളൂർ |
| വിലാസം: | കൂവള്ളൂർ പി. ഒ |
| | പല്ലാരിമംഗലം, എറണാകുളം |
| | പിൻ: 686671 |
| വിദ്യാഭ്യാസ ഉപജില്ല: | കോതമംഗലം |
| റവന്യൂ ജില്ല: | കോതമംഗലം |
| ബി. ആർ. സി: | കോതമംഗലം |
| സി. ആർ. സി: | പൈമറ്റം |
| ഗ്രാമപഞ്ചായത്ത്: | പല്ലാരിമംഗലം |
| വില്ലേജ്: | പല്ലാരിമംഗലം |
| ബ്ലോക്ക് പഞ്ചായത്ത്: | കോതമംഗലം |
| ജില്ലാ പഞ്ചായത്ത്: | എറണാകുളം |
| നിയമസഭാ മണ്ഡലം: | കോതമംഗലം |
| ലോകസഭാമണ്ഡലം: | ഇടുക്കി |
| സ്കൂൾ കോഡ്: | 27317 |
| ഇ – മെയിൽ: | **pmsaups@gmail.com** |
| സ്കൂൾ വിക്കി: | എറണാകുളം |
| | (റവന്യൂ) കോതമംഗലം **(Edn.Dist)** |

# പൊതുലക്ഷ്യങ്ങൾ

1. അക്കാദമിക മികവിന് ഊന്നൽ നൽകുക

2. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

3. വിവര സാങ്കേതിക വിദ്യയിലൂടെ കുട്ടികൾക്ക് പഠനം രസകരവും, ലളിതവും ആക്കുക.

4. ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക

5. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധപുലർത്തുക.

6. എല്ലാ കുട്ടികൾക്കും തുല്ല്യപങ്കാളിത്തം ഉറപ്പാക്കി, കുട്ടികളുടെ എല്ലാ കഴിവുകളെയും പ്രോത്സാഹിപ്പിച്ച് വിദ്യാലയത്തെ മികവിൻെറ കേന്ദ്രമാക്കുക.

7. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

8. മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.

9. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന ക്യാമ്പസാക്കുക.

10. പോഷക സമൃദ്ധമായ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുക

11. വായനശാലകളും ലബോറട്ടറികളും ആധുനിക വത്കരിക്കുക.

12. രക്ഷാകർതൃസമിതി ശക്തിപ്പെടുത്തുക.

# നിലവിലുള്ള അവസ്ഥാ വിശകലനം

## 1. ഭൗതീക നേട്ടങ്ങൾ

* സ്കൂൾ കെട്ടിടം നവീകരിച്ചു

* പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഫണ്ട് ഉപയോഗിച്ച് സൗകര്യപ്രദമായ പാചകപ്പുര നിർമിച്ചു

* പഞ്ചായത്തിൻെറ സഹായത്തോടെ ടോയ്‌ലറ്റുകൾ നിർമിച്ചു

## 2. ഭൗതീക പരിമിതികൾ

* സ്മാർട്ട് ക്ലാസ് റൂമുകൾ ഇല്ല.

* നവീകരിച്ച ലാബ്, ലൈബ്രറി സൗകര്യം ഇല്ല

* വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഇല്ല

* പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം ഇവ ഇല്ല.

## അക്കാദമിക നേട്ടങ്ങൾ

1. തുടർച്ചയായ 3 വർഷങ്ങളിൽ 75 ലധികം കുട്ടികൾ സ്കൂളിൽ പഠിക്കുന്നു

2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ സഹായങ്ങൾ നൽകി അക്കാദമിക നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു.

3. സബ് ജില്ലാ അറബി കലോത്സവത്തിൽ 1, 2, 3 എന്നിങ്ങനെ സ്ഥാനങ്ങൾ കരസ്ഥമാക്കി യിട്ടുണ്ട്.

4. പൊതുലൈബ്രറിയായ വിക്ടറി ലൈബ്രറി ആൻറ് റീഡിംഗ് റൂമുമായി ചേർന്ന് പുസ്തകശേഖരണം നടത്തി വായന പരപോഷിപ്പിക്കുന്നു

5. വിവിധ മത്സരപ്പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

6. എല്ലാ വർഷവും പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

7. പരമാവധി ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ നൽകുന്നു.

8. സ്കൂൾതല പരീക്ഷകളിൽ മുൻ നിരയിലെത്തുന്നവർക്ക് പ്രോത്സാഹനം നൽകുന്നു.

9. കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ചോദ്യങ്ങൾ നൽകി പരീക്ഷ കൾ നടത്തുന്നു.

10. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.

# <u>അക്കാദമിക പരിമിതികൾ</u>

1. ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കണം

2. കലാകായിക പ്രവൃത്തി പരിചയത്തിന് അധ്യാപകരുടെ സേവനം ലഭ്യമല്ല

# <u>മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ</u>

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. അക്കാദമിക നിലവാരം ഉയർത്തുക<br>2. ലഹരി വിമുക്ത പ്രവർത്തനങ്ങൾ<br>3. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ<br>4. ഗണിത– ശാസ്ത്ര ലാബുകളുടെ നവീകരണം<br>5. ജൈവ വൈവിധ്യ പാർക്ക്<br>6. പച്ചക്കറിത്തോട്ട നിർമ്മാണം<br>7. കായികപഠനം | 1. ചുറ്റുമതിൽ<br>2. കമ്പ്യൂട്ടർ റൂം<br>3. സ്കൂൾ മൈതാന നവീകരണം<br>4. വൈദ്യുതി നവീകരണം<br>5. ലാബ് നവീകരണം | 1. ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ<br>2. സ്കൂൾ സുരക്ഷ പ്രവർ ത്തനങ്ങൾ<br>3. ലൈബ്രറി, ക്ലബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.<br>4. ജന്മദിനത്തിനൊരു പുസ്തകം<br>5. വാട്സാപ്പ് കൂട്ടായ്മ<br>6. സ്കൂൾ മികവുകൾ സമൂഹത്തിലേക്ക് |

<u>2025– 26</u>

## അക്കാദമിക് മാസ്റ്റർ പ്ലാൻ– യുപി ബേസിക് സയൻസ്

## വിഷയം: ബേസിക് സയൻസ്

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും, ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ മനസ്സിലാക്കൽ | ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം ഇവയുടെ നിർമ്മാണം, പരീക്ഷണ കിറ്റുകൾ, ലഘുപരീക്ഷണങ്ങൾ, പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | June, July, August | ശാസ്ത്രാധ്യാപകർ | |
| 2 | ഐ. ടി. സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം എളുപ്പമാക്കൽ | ഐ. സി. ടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. (വീഡിയോ). | Academic Year | സയൻസ് ടീച്ചർ | |
| 3 | ആധുനിക ശാസ്ത്ര അറിവുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | ആധുനിക ശാസ്ത്ര ലോകത്തിൻെറ വിവിധ കണ്ടെത്തലുകൾ നവമാധ്യമങ്ങളുടെ സഹായത്തോടെ മനസ്സിലാക്കി, ചുവർ പത്രിക, കുറിപ്പുകൾ, ആൽബം ഇവ തയ്യാറാക്കുന്നു. | Academic Year | സയൻസ് ടീച്ചർ | |

## 2025 – 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യുപി മലയാളം

## വിഷയം: മലയാളം

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. സി.ഡിയിൽ ചിത്രം നൽകി വാക്യം എഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | രണ്ട് മാസം | പിടിഎ<br>ബിആർസി<br>ട്രെയ്നർ | |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂൽ, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. പത്ര വായന, വായനകുറിപ്പ്<br>5. പുസ്തകമൊരുക്കൽ<br>6. ഇ–വായന | ആറുമാസം | ഗ്രന്ഥശാല<br>പിടിഎ | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. ക്ലാസ് ലൈബ്രറി<br>3. വായനാകുറിപ്പ് പതിപ്പ് നിർമ്മാണം<br>4. പുസ്തക ചർച്ച<br>5. ആസ്വാദനക്കുറിപ്പ്<br>6. വ്യക്തിഗത രചന, സംഘരചന<br>7. രചയിതാക്കളെ പരിചയപ്പെടൽ | ആറുമാസം | പിടിഎ<br>ബിആർസി<br>ടീച്ചേഴ്സ് | |

## 2025– 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ– യുപി മാത്തമാറ്റിക്സ്

## വിഷയം: മാത്തമാറ്റിക്സ് (ഗണിതം)

| Sl No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു | കളികളിലൂടെ, വർക്ക്ഷീറ്റുകൾ നൽകുന്നതിലൂടെയും അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ, ജൂലൈ | ഗണിത അധ്യാപകൻ | |
| 2 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | സൗകര്യപ്രദമായ രീതിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യം അനുസരിച്ച് (രണ്ടോ, മൂന്നോ തവണ) | ഗണിത അധ്യാപകൻ, ഗണിത ക്ലബ് അംഗങ്ങളായ കുട്ടികൾ | |
| 3 | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റ് അധ്യാപകരെ കൊണ്ട് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ നൽകുന്നു | രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകൻ, ക്ലാസ് ലീഡർ | |
| 4 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അദ്ധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും മറ്റ് മിടുക്കരായ കുട്ടികളും | |
| 5 | ഗണിത പഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിത പഠനം എളുപ്പമാക്കുന്നു | എല്ലാ മാസവും രണ്ട് വീതം /ഒന്നുവീതം | ഗണിത അധ്യാപകൻ, പിഎസ്ഐടിസി | |

# 2025– 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ– യുപി അറബിക്

## വിഷയം: അറബിക്

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷി പ്പിക്കാനുള്ള പ്രത്യേക പരിപാടി | 1. എഴുത്ത്, വായന<br>2. ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെ ത്തുന്നു<br>3. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്ന കുട്ടി കൾക്ക് കമ്പ്യൂട്ടറിലൂടെ പെയിൻറ് ജാലകത്തിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു<br>4. സ്കൂൾ കമ്പ്യൂട്ടറിൽ അക്ഷര ഗെയിം ഇൻസ്റ്റാൾ ചെയ്ത് അധ്യാപകൻെറ മേൽ നോട്ടത്തിൽ കുട്ടികൾ ഗെയിമി ലൂടെ അക്ഷരം ആസ്വദിച്ച് പഠിക്കുന്നു.<br>5. പ്രത്യേകം തയ്യാറാക്കിയ ഷെഡ്യൂളിൻെറ അടിസ്ഥാ നത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നടത്തുന്നു. | രണ്ട് മാസം | ബി. ആർ. സി അറബി അധ്യാപകൻ | |
| 2 | കുട്ടിയെ വായനയുടെ ലോ കത്തേക്ക് കൊണ്ടുവരാൻ | 1. തെരഞ്ഞെടുത്ത ലളിതമായ അറബി പുസ്തക ശേഖരം | ആറ് മാസം | (സമാഹരണം) അറബി അധ്യാപകൻ | |
| 3 | നല്ല വായനക്കാരനാക്കുക | 1. അറബിക് ലൈബ്രറി പുസ് തകങ്ങൾ<br>2. കഥാപുസ്തകം, ചിത്രകഥ, കുട്ടികവിതകൾ, ചെറിയ വിവരണ ബുക്കുകൾ, അറബി ക്വിസ്.<br>3. ക്ലാസ് വായന<br>4. ഓരോ അറബിക് പീരിയ ഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിൻെറ ഒരു പേജ് ഉറക്കെ വായിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ അറബി രാജ്യത്ത് ജോലി ചെയ്യുന്ന ഭാഷാ സ്നേഹിതർ | |

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തിക |
|---|---|---|---|---|---|
| | | 5. വായിച്ച ബുക്കുകൾ രേഖപ്പെടുത്തിവെക്കുന്നു.<br>6. കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് പ്രോത്സാഹനമായി സമ്മാനം നൽകുന്നു. | | | |
| 4 | ആസ്വാദന ലോകം | 1. ആസ്വാദന സഭ<br>2. പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭയെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>3. ഒരിക്കൽ അവതരിപ്പിച്ച കുട്ടികൾ അടുത്ത സഭയിൽ ആസ്വാദകരാകണം.<br>4. കാണൽ, കേൾക്കൽ<br>5. നേരത്തെ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള മികച്ച അറബി കഥകളും, പാട്ടുകളും, ഷോർട്ട് ഫിലിമും എൽസിഡി പ്രോജക്ടിൻെറ സഹായത്തോടെ കാണാനും കേൾക്കാനും അവസരമൊരുക്കുന്നു. | ആറുമാസം | അറബി അധ്യാപകൻ അറബി ക്ലബ് | |
| 5 | അറബിക് അസംബ്ലി | 1. ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>2. ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| 6 | അനുഭവ ലോകം (അറബി ഭാഷാ ലാബ്) | 1. വിദേശ ഭാഷാപഠനം ഏറ്റവും കൂടുതൽ സാധ്യമാകുന്നത് ഭാഷാന്തരീക്ഷം ഉണ്ടാകുമ്പോഴാണ് അതിനാൽ അറബിലാബ് ഉപയോഗപ്പെടുത്തുന്നു.<br>2. തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും സഹായിക്കുന്ന വീഡിയോകൾ കാണാനും അവസരം | ഒരു മാസം | അറബി അധ്യാപകൻ അറബിഭാഷ ലാബ് | |

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 7 | അറബി ഭാഷ പദസമ്പത്ത് വർദ്ധിപ്പിക്കൽ | 1. ഒരു പദം പരിചയപ്പെടൽ (അറബി അധ്യാപകൻെറ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയ്ക്ക് ശേഷം അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ ഓരോ കുട്ടിയും ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബിക് പദം മൈക്കിലൂടെ പരിചയപ്പെടുത്തുന്നു. ക്ലാസ് ലീഡർ അത് ബോർഡിലെഴുതുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകൻ | |
| 8 | അറബി ഫെസ്റ്റ് | 1. അറബി ദിനത്തിലോ അല്ലാതെയോ ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>2. കാര്യപരിപാടികൾ<br>3. ഉദ്ഘാടനം<br>4. മികച്ച അറബിക് കലാ അവതരണം<br>5. തൊട്ടടുത്ത അറബിക് പണ്ഡിതനെ ആദരിക്കൽ | വർഷത്തിലൊരിക്കൽ | പൂർവ്വ വിദ്യാർത്ഥികൾ ഭാഷാ സ്നേഹിതർ അറബി ഭാഷ പഠിതാക്കൾ | |

2025– 26

## അക്കാദമിക് മാസ്റ്റർ പ്ലാൻ– യുപി ഹിന്ദി

## വിഷയം: ഹിന്ദി

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും പ്രൊഫൈൽ കാർഡ് (ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കാൻ) | 1. എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്, സ്കൂൾ, വിലാസം ഉൾപ്പെടുത്തിയ കാർഡ് ഹിന്ദി പഠനത്തിന് മാത്രം ഉപയോഗിക്കുന്നു | ജൂൺ | ഹിന്ദി അധ്യാപകൻ പ്രധാനാ ധ്യാപിക | |
| 2 | ശബ്ദഭണ്ഡാർ വർധിപ്പിക്കുക | 1. ആഴ്ചയിൽ രണ് ദിവസം അഞ്ച് ഹിന്ദി വാക്കും അതിന്റെ അർത്ഥവും ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി ക്ലബ് ഹിന്ദി അധ്യാപകൻ | |
| 3 | ഹിന്ദി അസംബ്ലി (ദേശസ് നേഹം വളർത്തുക, ഹിന്ദി ഭാഷയെ സമൂഹവുമായി ബന്ധപ്പെടുത്തുക) | 1. എല്ലാ തരത്തിലുള്ള കുട്ടികളുടെയും തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>2. പിന്നോക്കം നിൽക്കുന്ന കുട്ടികളെ നേതൃനിരയിലേക്ക് കൊണ്ടുവരുന്നു.<br>3. ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തുന്നു. | മൂന്നു മാസം | ഹിന്ദി ക്ലബ് ഹിന്ദയ അധ്യാപകൻ | |
| 4 | ഹിന്ദി ലൈബ്രറി (വായനശീലം വളർത്തുക, ഭാഷാസ് നേഹം വളർത്തുക) | 1. ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറിയോടൊപ്പം തന്നെ ഹിന്ദി ലൈബ്രറി ആരംഭിക്കുന്നു.<br>2. ലളിതമായ പുസ്തകങ്ങളും കുട്ടികളെ ആകർഷിക്കുന്നതുമായ പുസ്തകങ്ങൾ ശേഖരിക്കുന്നു. | എട്ടുമാസം | ഹിന്ദിയധ്യാപകൻ ഹിന്ദി ക്ലബ് | |
| 5 | ഹിന്ദി, സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം ഉറപ്പാക്കുന്നു | 1. പഞ്ചായത്തിനെയും പഞ്ചായത്ത് മെമ്പറെയും ബന്ധപ്പെടുത്തി കൊണ്ട് പഞ്ചായത്തിൽ നടക്കുന്ന മീറ്റിംങിന്റെ ആമുഖം ഹിന്ദിയിൽ അവതരിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | ഹിന്ദി അധ്യാപകൻ | |

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ഉയർന്ന ഹിന്ദി സ്ഥാപനത്തിലെ അധ്യാപകരുമായുള്ള ആശയ വിനിമയം | 1. D.B.H.P.S കോളേജിൻെറ അല്ലെങ്കിൽ ബിഎഡ് കോളേജിലെ അധ്യാപകരെ സ്കൂളിൽ കൊണ്ട്വന്ന് കുട്ടികളുമായി സംവദിക്കാനുള്ള അവസരമൊരുക്കുന്നു. | വർഷത്തിൽ ഒന്ന് | ഹിന്ദി അധ്യാപകൻ പ്രധാനാധ്യാപിക | |
| 7 | ഹിന്ദി അക്ഷരങ്ങൾ വായിക്കുന്നതും പഠിക്കുന്നതും രസകരമാക്കാൻ | 1. കമ്പ്യൂട്ടർ ഉപയോഗത്തിലൂടെ ഹിന്ദി അക്ഷരങ്ങൾ, ഹിന്ദി വർണ്ണമാല എന്ന ശീർഷകം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നു. | നാലുമാസം | ഹിന്ദി അധ്യാപകൻ ഐസിടി അധ്യാപകൻ | |
| 8 | ഹിന്ദി ക്ലബ് പ്രവർത്തനം ശാക്തീകരിക്കുക | 1. പുതുതായി വരുന്ന കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് ഹിന്ദി ക്ലബ് ശാക്തീകരിക്കുന്നു.<br>2. ഹിന്ദി ക്ലബിന് ഒരു മാർഗരേഖ ഉണ്ടാക്കുന്നു. | ഒരു മാസം | ഹിന്ദി അധ്യാപകൻ | |
| 9 | ഐ. സി. ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | 1. പാഠങ്ങൾ ഐഎസ്ടി സഹായത്തോടെ കുട്ടികളിൽ താൽപര്യം പ്രകടിപ്പിക്കുന്ന തരത്തിൽ ക്രമീകരിക്കുക. | രണ്ടു മാസം | ഹിന്ദി അധ്യാപകൻ | |
| 10 | ഹിന്ദി ഇ– പേപ്പർ ലഭ്യമാക്കൽ (ഹിന്ദിയിൽ ആശയ ഗ്രഹണം സാധ്യമാക്കാൻ) | 1. ഇൻറർനെറ്റിൽ നിന്നും ഇ – പേപ്പർ പ്രിൻെറടുത്ത് വായിക്കാനും, അസംബ്ലിയിൽ അവതരിപ്പിക്കാനുമുള്ള വേദിയൊരുക്കുക. | തുടർ പ്രവർത്തനം | ഹിന്ദി ക്ലബ് ഹിന്ദി അധ്യാപകൻ | |
| 11 | ഹിന്ദി ദിവസ് ആചരണം (ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്താൻ) | 1. ഹിന്ദി ദിവസ് ദിനാചരണം കൂടുതൽ ഹിന്ദി പരിപാടികൾ ഉൾപ്പെടുത്തുന്നു.<br>2. എല്ലാ കുട്ടികൾക്കും തുല്യ പങ്കാളിത്തം ഉറപ്പാക്കാൻ മാഗസിൻ നിർമ്മാണം നടത്തുന്നു. | സെപ്റ്റംബർ മാസം | ഹിന്ദി അധ്യാപകൻ | |

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 12 | ഹിന്ദി സംസാരിക്കാനുള്ള പ്രത്യേക പരിശീലനം | 1. ഹിന്ദി സംസാരിക്കാൻ പ്രത്യേക പരിശീലനം കൊടുക്കുന്നു.<br>2. ഹിന്ദി ലൈബ്രറിയിൽ നിന്നുള്ള ഹിന്ദി രസകരമാക്കുക, നാൽപ്പത്തിയഞ്ച് മണിക്കൂർ കൊണ്ട് ഹിന്ദി സംസാരിക്കാം എന്നീ പുസ്തകങ്ങൾ ഉപയോഗിക്കുന്നു. | ഒരു വർഷം | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപകൻ | |
| 13 | ഹിന്ദി മികവ് പത്രിക (എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും രസിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | 1. കുട്ടികളുടെ ഒരു അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളും, ഉൽപ്പന്നങ്ങളും പത്രികകളുടെ രൂപത്തിൽ വാർഷികോത്സവത്തിൽ പ്രകാശനം ചെയ്യുന്നു. | ഒരു വർഷം | ഹിന്ദി അധ്യാപകൻ പ്രധാനാധ്യാപിക ഹിന്ദി ക്ലാസ് | |
| 14 | ബോധന മാധ്യമം ഹിന്ദിയിൽ തന്നെ | 1. ഹിന്ദി ക്ലാസുകൾ പരമാവധി ഹിന്ദിയിൽ തന്നെ അധ്യാപനം നടത്തുകയും കുട്ടികളെ അതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. | ഒരു വർഷം | ഹിന്ദി അധ്യാപകൻ | |
| 15 | ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവും ആക്കൽ | 1. രക്ഷിതാക്കളുടെ സഹായത്തോടെ ഓരോ കുട്ടിയുടെയും നോട്ടുപുസ്തകം സമഗ്രവും ആകർഷകവും ആക്കുന്നു. | എട്ടുമാസം | ഹിന്ദി അധ്യാപകൻ | |
| 16 | ആശയഗ്രഹണം സംസാരിക്കാനുള്ള കഴിവ്, വായിക്കാനുള്ള കഴിവ്, ഹിന്ദി ഭാഷാപഠനം രസകരവും ആകർഷകവും ആക്കൽ | 1. എല്ലാ കുട്ടികൾക്കും ആശയഗ്രഹണം, ആശയ വിനിമയം എന്നിവ വർദ്ധിപ്പിക്കുന്നതിന് പഠനസമയം നഷ്ടപ്പെടുത്താതെ ഐ.സി.ടി സഹായത്തോടെ സിനിമയുടെ ഭാഗങ്ങൾ കാണിക്കുന്നു. | തുടർ പ്രവർത്തനം | ഹിന്ദി ക്ലബ് | |

**2025 – 26**

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യുപി സോഷ്യൽ സയൻസ്

## വിഷയം: സോഷ്യൽ സയൻസ്

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹിക ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിൻെറ പൂർണതയിലെത്തിക്കുക. | 1. 5, 6, 7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ.<br>2. മോഡൽസ് ശേഖരണം<br>3. ക്വിസ്<br>4. പ്രസംഗം | ഒരു വർഷം | സോഷ്യൽ സയൻസ് അധ്യാപിക പിടിഎ | |
| 2 | സോഷ്യൽ സയൻസിൽ കമ്പ്യൂട്ടറിൻെറ സാധ്യത പ്രയോജനപ്പെടുത്തു വാനുള്ള കഴിവ് നേടുക. | ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | ഹ്യസ്വകാലം | കുട്ടികളും അധ്യാപികയും | |
| 3 | സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക | സെമിനാർ അവതരണം | ഹ്യസ്വകാലം | സോഷ്യൽ സയൻസ് അധ്യാപികയും കുട്ടികളും | |
| 4 | സാമൂഹ്യചിന്ത, സാമൂഹ്യ ബോധം എല്ലാ കുട്ടികളിലും വികസിപ്പി ക്കുക. | 5,6,7 ക്ലാസുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളുടെ അവതരണം | ഹ്യസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| 5 | ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെൻറ് രൂപീകരിക്കൽ | അഞ്ചു ദിവസം | എസ്.ആർ.ജി അധ്യാപകർ | |
| 6 | സാമൂഹ്യശാസ്ത്രത്തോ ടുള്ള അഭിരുചിയും ചരിത്രം അറിയാനുള്ള ജിജ്ഞാസയും വളർത്തുന്നു | സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| | | | | | |

**2025– 26**

## അക്കാദമിക് മാസ്റ്റർ പ്ലാൻ– UP ENGLISH

## Subject: ENGLISH

| Activities | Aims | Duration | Responsibility | Fund |
|---|---|---|---|---|
| 1. To promote reading skill among the student.<br>2. To increase the level of comprehension.<br>3. To develop speaking skill | STORY TIME:-<br>* To find out the stories ralat-ed with lessons. | Short term | Teacher | |
| 4. To develop speaking and listening skill.<br>5. To develop interaction skill among the students. | PUBLIC SPEAKING:-<br>* To give different speaking experiences to the students used by video and audio techniques.<br>* Interaction with personality | Short term | Teacher,<br>PTA | |
| 6. Encourage their writing skill. | DRAMA, SCRIPT WRIT-ING:-<br>* To find out the dramatical scenes from the text book | two months | Teacher,<br>Students | |
| 7. To generate interest in English language. | EXHIBITION:-<br>* Conduct an exhibition of English books. | one year | PTA<br>Teacher | |
| 8. Helps to develop En-glish language. | *Conduct an English assem-bly once in a week. | one in a week | Students<br>Teacher | |
| 9. To increase vocabulary. | *A word in every day | every day | Teacher | |
| 10. To increase the level of English learning. | * Conduct an English Fest during the vacation. | three days | PTA, HM,<br>English<br>Teacher | |

2025– 26

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

# ഭൗതികം

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചുറ്റുമതിൽ | പൊതുപ്രവർത്തകർ, സന്നദ്ധ സംഘടനകൾ, മാനേജ്മെൻറ് എന്നിവരുടെ സഹായത്തോടെ ചുറ്റുമതിൽ നിർമ്മാണം. | രണ്ടുവർഷം | മാനേജർ, പ ിടിഎ, പൊതുപ്ര വർത്തകർ | |
| 2 | ലാബ് നവീകരണം (ഗണിതം, ശാസ്ത്രം, ഐടി) | പൂർവ്വ വിദ്യാർത്ഥികളും പൂർവ്വ അധ്യാപകരും ചേർന്ന് ലാബ് നവീകരണം നടത്തും. | ഒരു വർഷം | പൂർവ്വ വിദ്യാർ ത്ഥികളും അധ്യാ പകരും | |
| 3 | മൈതാന നവീകരണം | മാനേജ്മെൻറും അധ്യാപകരും ചേർന്ന് മൈതാന നവീകരണം. | ഒരു വർഷം | പി. ടി. എ, അധ്യാപകർ, മാ നേജ്മെൻറ്. | |
| 4 | വൈദ്യുതി നവീകരണം | അധ്യാപകരും മാനേജ്മെൻറും ചേർന്ന് വൈദ്യുതി നവീക രണം. | ഒരു വർഷം | അധ്യാപകർ, മാ നേജ്മെൻറ് | |

2025– 26

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

# സാമൂഹികം

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പിടിഎ, സിപിടിഎ, ശാക്തീകരണം | സ്കൂളിലെ പ്രവർത്തന ങ്ങളിൽ പി. ടി. എയുടെ പങ്കാളി ത്തം ഉറപ്പുവരുത്തുകയും ക്ലാസ് തല പ്രതിനിധികളെ തെരഞ്ഞെടുത്ത് ചുമതലകൾ ഏൽപ്പിക്കുന്നു. | ആവശ്യാനു സരണം | പിടിഎ, സിപിടിഎ | |
| 2 | എസ്. ഡി. പി കാര്യക്ഷമമാക്കുക. | സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും എസ്. ഡി. പിയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. പി. ടി. എ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി സമിതി വിപുലീകരിക്കും. | ആവശ്യാനു സരണം | പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, ഒ. ടി. എ | |
| 3 | ജന്മദിനത്തിനൊരു പുസ് തകം. | വിദ്യാർത്ഥികളുടെയും അധ്യാപ കരുടെയും രക്ഷാകർത്താക്ക ളുടെയും ജന്മദിനത്തിനൊരു പുസ്തകം ക്ലാസ് ലൈബ്ര റിയിലേക്ക് സംഭാവന നൽകുന്നു. | ആവശ്യാനു സരണം | വിദ്യാർത്ഥികൾ, അധ്യാപകർ, പിടിഎ | |
| 4 | ലഹരി വിമുക്ത വിദ്യാലയം. | ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെകുറിച്ച് കുട്ടികൾക്കും രക്ഷാകർത്താ ക്കൾക്കും ബോധവത്കരണ ക്ലാസ്, പോസ്റ്റർ നിർമ്മാണം, ഫ്ലാഷ്മോബ് എന്നിവ നടത്തു ന്നു. | ആവശ്യാനു സരണം | ലഹരി വിമുക്ത ക്ലബ്, പിടിഎ | |

| SI No: | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 5 | മോട്ടിവേഷൻ ക്ലാസ് | സമൂഹത്തിലെ പ്രമുഖരായ വ്യക്തികളെ സ്കൂളിൽ കൊണ്ടുവന്ന് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | ആവശ്യാനുസരണം | പിടിഎ | |
| 6 | സ്കൂൾ മികവുകൾ സമൂഹത്തിലേക്ക്. | എസ്ഡിപി, പിടിഎ, ഒഎസ്എ ഉൾപ്പെടുത്തി വിദ്യാലയ മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുന്നു. | ആവശ്യാനുസരണം | എസ്ഡിപി, പിടിഎ, ഒഎസ്എ | |
| 7 | സ്കൂൾ സുരക്ഷ. | കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു (മോക്ഡ്രിൽ) | ആവശ്യാനുസരണം | എസ്ഡിപി, പിടിഎ, ഒഎസ്എ | |
| 8 | വാടാസാപ്പ്, ഫേസ്ബുക്ക് കൂട്ടായ്മ | സ്കൂൾ മികവുകൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുക. | ആവശ്യാനുസരണം | എസ്ഡിപി, പിടിഎ, ഒഎസ്എ | |

# ഉപസംഹാരം

വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവത്കരണത്തിൻെറ അനുഭവസാക്ഷി കളാണ് നാം ഓരോരുത്തരും. കുട്ടികളിലെ മാനവീക മൂല്യങ്ങൾ നഷ്ട പ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസം ശക്തി പ്പെടുത്തുക എന്നത് അഭിലഷണീയമാണ്. അതിനുവേണ്ടിയുള്ള പ്രവർത്ത നം എന്ന രീതിയിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ പങ്കാളിക ളാവുക എന്നുള്ളത് നാം ഓരോരുത്തരുടെയും കടമയാണ്. വ്യക്തമായ ലക്ഷ്യത്തോടെ നമ്മുടെ പൈതൃകമൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും, കുട്ടികളുടെ സർവ്വോത്മുഖ കഴിവുകൾ വികസിപ്പിക്കുന്നതിനും ഈ മാർഗ്ഗരേഖയ്ക്ക് കഴിയുമാറാകട്ടെ എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.